## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.485 — 27.09.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

<table>
<tr><th colspan="2">ചോദ്യം<br><br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.എസ്.ശബരീനാഥൻ</th><th colspan="2">മറുപടി<br><br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി</th></tr>
<tr><td>എ)</td><td>ടൂറിസം മേഖലയ്ക്ക് ആവശ്യമുള്ള മാനവ വിഭവശേഷിയെക്കുറിച്ച് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി, ഏത് വർഷമാണ് പഠനം നടത്തിയതെന്ന് വിശദമാക്കാമോ;</td><td rowspan="2">എ) യും ബി) യും</td><td rowspan="2">ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് സമീപകാലത്ത് നേരിട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (M/s.GIFT) ന്റെ 2015 ലെ 'ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട്' എന്ന പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ ടൂറിസം മേഖലയിൽ ഏകദേശം 25 ലക്ഷം പേർ നേരിട്ട് തൊഴിൽ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ ആകെ തൊഴിലുകളിൽ 11.49% വിനോദസഞ്ചാരത്തിന്റെ നേരിട്ടുള്ള സംഭാവനയാണ്. പരോക്ഷമായി ടൂറിസം നൽകുന്ന തൊഴിൽ സാധ്യതകൂടി കണക്കിലെടുത്താൽ സംസ്ഥാനത്തിന്റെ തൊഴിലവസരത്തിന്റെ 23.7% ടൂറിസത്തിന്റെ സംഭാവനയാണെന്നും കണക്കാക്കിയിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;</td></tr>
</table>

(...2)

| | | | |
|---|---|---|---|
| സി) | ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | ടൂറിസം & ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ കണക്കിലെടുത്ത് യുവതീയുവാക്കളെ സന്നദ്ധരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ പ്രത്യേകിച്ച് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മാനേജ്മെന്റ് കോഴ്സുകൾ എന്നിവ നോഡൽ ഏജൻസികളായ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കിറ്റ്സ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവ വഴി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ തദ്ദേശവാസികൾക്ക് ടൂറിസം മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ